**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.280 — 12.01.2021 ൽ മറുപടിക്ക്

## ബാലുശ്ശേരി താലൂക്കാശുപത്രി വികസനം

| | ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നറിയിക്കാമോ; | (എ) | 2019-2020 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിന് 21.32 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ച് കിടക്കകളോട് കൂടിയ ഡയാലിസിസ് യൂണിറ്റ്, ദന്തൽ എക്സറേ യൂണിറ്റ്, തൈറോയ്ഡ് അനലൈസർ, ജനറേറ്റർ, ഓട്ടോ റിഫ്രാക്ടർ മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, രണ്ട് ജൂനിയർ കൺസൾട്ടന്റ്, ഒരു ഫാർമസിസ്റ്റ്, മൂന്ന് സ്റ്റാഫ് നഴ്സ്, ഒരു അസിസ്റ്റന്റ് ദന്തൽ സർജന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | താലൂക്കാശുപത്രിക്ക് വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കാൻ പോകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വാർഡുകൾ, തീയേറ്റർ കോംപ്ലക്സ്, സ്പെഷ്യാലിറ്റി ഒ.പി, ജനറൽ ഒ.പി ലേബർ റൂം, മെയിൽ വാർഡ്, ഫീമെയിൽ വാർഡ് കാഷ്വാലിറ്റി സംവിധാനം എന്നീ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (സി) | പുതിയ കെട്ടിട നിർമ്മാണത്തിനായി ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ